ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 30.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം; 1140 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കും.

   **Prime Minister Narendra Modi's visit to Gujarat begins today; will inaugurate and lay the foundation stone of various development projects worth Rs 1140 crore.**

2) തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ഇന്ന് ബിഹാറിൽ; മുസാഫർപൂരിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി

   **PM to attend election rallies in Bihar today; Congress leader Rahul Gandhi kicked off election campaign in Muzaffarpur**

3) ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ അമ്പത്തിയൊമ്പത് മാവോയിസ്റ്റുകൾ കൂടി കീഴടങ്ങി.

**Fifty-nine more Maoists surrendered in Chhattisgarh's Bijapur district.**

4) സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ച ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says that the schemes and benefits finalised by the state cabinet meeting will come into effect from November 1.**

5) കാസർകോട് കേന്ദ്ര സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് നിർവ്വഹിക്കും .

**Union Minister of State George Kurien to lay the foundation stone of the new academic block of Kasaragod Central University today**

6) ഐസിസി വനിതാ ലോകകപ്പ് സെമിയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും; ഇംഗ്ലണ്ടിനെ 125 റൺസിന് തോൽപ്പിച്ച ദക്ഷിണാഫ്രിക്ക ഫൈനലിൽ .

**India to take on Australia in the ICC Women's World Cup semi-finals today; South Africa, which defeated England by 125 runs, entered the final**

❁❁❁❁❁❁❁❁❁❁❁❁❁

## PM - MARITIME (INTRO)

ഇന്ത്യയുടെ സമുദ്ര മേഖലയെ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള 2.2 ലക്ഷം കോടി രൂപയുടെ സംരംഭങ്ങൾക്ക്

പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു. കഴിഞ്ഞ ദശകത്തിൽ ഈ മേഖലയിൽ ഗണ്യമായ പുരോഗതിയാണ് സാധ്യമായതെന്ന് പ്രധാനമന്ത്രി പറഞ്ഞു. മുംബൈയിൽ മാരിടൈം ലീഡേഴ്‌സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ വളർച്ചയെ നയിക്കുന്നത് സമുദ്ര മേഖലയാണെന്നും കപ്പൽ നിർമ്മാണത്തിൽ പുതിയ ഉയരങ്ങളിലെത്താനുള്ള ശ്രമങ്ങളിലാണ് ഇന്ത്യയെന്നും ശ്രീ മോദി വ്യക്തമാക്കി. നൂറ്റാണ്ടിലേറെ പഴക്കമുള്ള കൊളോണിയൽ ഷിപ്പിംഗ് നിയമങ്ങൾ 21-ാം നൂറ്റാണ്ടിന് അനുയോജ്യമായ രീതിയിൽ കേന്ദ്രസർക്കാർ പരിഷ്കരിച്ചതായി പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

( വോയിസ്.....)

❁❁❁❁❁❁❁❁❁❁❁❁❁

## PM- VISIT TO GUJARAT(INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം. കെവാഡിയയിലെ ഏക്താ നഗറിൽ 1140 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## PM- VISIT TO GUJARAT(VOICE)

രാജ് പിപ് ലയിൽ ബിർസ മുണ്ട ഗോത്ര സർവ്വകലാശാല പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.വാമൻ വൃക്ഷ വാടിക, ഇ-ബസ് ചാർജിംഗ് ഡിപ്പോ, 25 ഇലക്ട്രിക് ബസുകൾ എന്നിവയും ഉദ്ഘാടനം ചെയ്യപ്പെടുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ നാട്ടു രാജ്യങ്ങളുമായി ബന്ധപ്പെട്ട മ്യൂസിയം, സ്പോർട്സ് കോംപ്ലക്സ്, ശൂൽപനേശ്വർ ഘട്ടിലെ ജെട്ടി വികസനം, ട്രാവലേറ്റേഴ്സ് ഉൾപ്പെടെ വിവിധ പദ്ധതികളുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവഹിക്കും. രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി നാളെ സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തിൽ ശ്രദ്ധാഞ്ജലി അർപ്പിക്കും. ഏക്താ ദിവസ് പ്രതിജ്ഞയിലും ഏക്താ ദിവസ് പരേഡിലും അദ്ദേഹം പങ്കെടുക്കും. സേനയുടെ DOG സ്ക്വാഡിൻറെ ഭാഗമായ തദ്ദേശീ ശ്വാന ഇനങ്ങളായ റാംപൂർ ഹൗണ്ട്സ്, മുധോൾ ഹൗണ്ട്സ് എന്നിവ അണിനിരക്കുന്ന ബിഎസ്എഫ് സംഘമാണ് ഈ വർഷത്തെ പരേഡിന്റെ പ്രധാന ആകർഷണം.

ന്യൂസ്ഡസ്ക് ആകാശവാണി....

## RUN FOR UNITY

രാഷ്ട്രീയ ഏകതാ ദിനത്തോടനുബന്ധിച്ച് കേരള പോലീസ് നാളെ സംസ്ഥാനത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കുന്നു. സർദാർ വല്ലഭായി പട്ടേലിൻറെ ആശയത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്

രാജ്യത്തിൻറെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കുന്നതിനുള്ള പ്രതിബദ്ധത പൊതുജനങ്ങളിൽ ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്.

## PRESIDENT-RAFALE

റഫാൽ യുദ്ധ വിമാനത്തിൽ പറന്നത് അവിസ്മരണീയമായ അനുഭവമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഹരിയാനയിലെ അംബാലയിൽ കുരുക്ഷേത്രത്തിന് മുകളിലൂടെ പറന്ന അനുഭവം സാമൂഹിക മാധ്യമത്തിലൂടെ പങ്കു വയ്ക്കുകയായിരുന്നു രാഷ്ട്രപതി. കുരുക്ഷേത്രവും ബ്രഹ്മ സരോവറും ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തിന്റെയും ചരിത്രപരമായ പ്രയാണത്തിന്റെയും പ്രതീകമാണെന്ന് അവർ പറഞ്ഞു. രാജ്യത്തിന്റെ സൈനിക ശേഷിയിലുള്ള തന്റെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതായിരുന്നു പറക്കലെന്നും ശ്രീമതി ദ്രൗപതി മുർമു വ്യക്തമാക്കി.

## VP VISIT

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ തമിഴ്നാട് സന്ദർശനം തുടരുന്നു. സ്വാതന്ത്ര്യസമര സേനാനി പശുമ്പൊൻ മുത്തുരാമലിംഗർ ജയന്തി ദിനത്തോട് അനുബന്ധിച്ച് അദ്ദേഹം ഇന്ന് രാമനാഥപുരം ജില്ലയിലെ പശുമ്പൊൻ സന്ദർശിക്കും. മുഖ്യമന്ത്രി എം.കെ. സ്റ്റാലിനുമായും

പാർലമെന്റ് അംഗം കനിമൊഴിയുമായും ഉപരാഷ്ട്രപതി ഇന്നലെ മധുരയിൽ കൂടിക്കാഴ്ച നടത്തി. പ്രശസ്തമായ മീനാക്ഷി അമ്മൻ ക്ഷേത്രത്തിലും അദ്ദേഹം ദർശനം നടത്തി.

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കാസർഗോഡ് വിവിധ പരിപാടികളിൽ പങ്കെടുക്കും. തളങ്കര, തുറമുഖം അദ്ദേഹം സന്ദർശിക്കും. കാസർകോട് കേന്ദ്ര സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനവും കേന്ദ്ര മന്ത്രി നിർവഹിക്കും. കണ്ണൂർ കൂടാളി പഴശ്ശിരാജ വെൽഫെയർ കോഷപറേറ്റീവ് സൊസൈറ്റിയുടെ പുതിയ കെട്ടിടം ഉദ്ഘാടനം ഇന്ന് വൈകുന്നേരം 3 മണിക്ക് ശ്രീ ജോർജ് കുര്യൻ നിർവഹിക്കും

## PIYUSH GOYAL

നൂതന ആശയങ്ങൾ, ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവയെ നയിക്കുന്ന ആഗോള നവീകരണകേന്ദ്രമായി ഇന്ത്യ മാറിയിരിക്കുകയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇന്ത്യ സ്വന്തം സാങ്കേതികവിദ്യകൾ വികസിപ്പിക്കുകയും മറ്റ് രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ടൈകോൺ സമ്മേളനത്തെ അഭിസംബോധ ചെയ്യുകയായിരുന്നു

കേന്ദ്രമന്ത്രി. ഇന്ത്യയുടെ ഡീപ്ടെക് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് സർക്കാരും സ്വകാര്യമേഖലയും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും പ്രധാന പദ്ധതികൾക്കുള്ള ഗവേഷണം, നവീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 1 ലക്ഷം കോടിയുടെ അനുസന്ധൻ ഫണ്ട് അനുവദിച്ചതായും ശ്രീ ഗോയൽ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## MODEL YOUTH GRAM SABHA

പഞ്ചായത്തിരാജ് മന്ത്രാലയം ഇന്ന് ന്യൂഡൽഹിയിൽ മാതൃക യുവജന ഗ്രാമസഭ സംഘടിപ്പിക്കും. കേന്ദ്ര സഹമന്ത്രിമാരായ എസ്. പി. സിംഗ് ബാഗേൽ, ദുർഗാദാസ് ഉയ്കി എന്നിവർ ചടങ്ങിൽ സംബന്ധിക്കും. 650 ലധികം പ്രതിനിധികൾ ഗ്രാമസഭയിൽ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## E-VIDHAN CONFERENCE

കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രാലയം ദേശീയ ഇ-വിദാൻ അപേക്ഷ - നേവയുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന മൂന്നാമത് ദേശീയ സമ്മേളനം ഇന്ന് ആരംഭിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നേവ നടപ്പാക്കിയതിന്റെ അവലോകനം നടക്കും.

## BIHAR RALLIES

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഉച്ചസ്ഥായിയിലേക്ക്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും താരപ്രചാരകരും സംസ്ഥാനത്ത് ക്യാമ്പ് ചെയ്ത് റാലികളിലും പൊതുയോഗങ്ങളിലും പങ്കെടുക്കുകയാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് മുസാഫർപൂരിലും ഛപ്രയിലും തിരഞ്ഞെടുപ്പ് റാലികൾ നടത്തും. മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് പട്നയിൽ വാർത്താസമ്മേളനം നടത്തും. ജെഡി (യു) പ്രസിഡന്റും മുഖ്യമന്ത്രിയുമായ നിതീഷ് കുമാർ ഇന്നലെ രാജ്ഗിറിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. കോൺഗ്രസ് മുതിർന്ന നേതാവ് രാഹുൽ ഗാന്ധി മുസാഫർപൂരിൽ പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. അടുത്ത മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

## MAOIST

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ അമ്പത്തിയൊമ്പത് മാവോയിസ്റ്റുകൾ കൂടി കീഴടങ്ങി. ഇവർക്ക് അറുപത്തിയാറ് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ പുനരധിവാസ സംരംഭം ആരംഭിച്ചതിന് ശേഷം നിരവധി മാവോയിസ്റ്റുകൾ കീഴടങ്ങിയിരുന്നു.

## CM PRESS MEET

കേരളത്തിൽ സാമൂഹിക ക്ഷേമ പെൻഷൻ 1,600 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിച്ചു. പാവപ്പെട്ട കുടുംബങ്ങളിലെ 35 നും 60 നും മധ്യേ പ്രായമുള്ള അർഹരായ വനിതകൾക്ക് പ്രതിമാസം 1000 രൂപ സ്ത്രീ സുരക്ഷാ പെൻഷൻ അനുവദിക്കാനും ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. യുവാക്കൾക്ക് കണക്ട് ടു വർക്ക് സ്കോളർഷിപ്പായി പ്രതിമാസം 1,000 രൂപ വീതം ധനസഹായം നൽകും. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത കൂടി അനുവദിച്ചു.

## CM KERALA

ഇന്നലത്തെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ച ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളും നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം പാലിച്ചുകൊണ്ട്, എല്ലാ പ്രതിസന്ധികളെയും മറികടന്ന് നവകേരളം കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയവുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നും ജന പിന്തുണയാണ് സർക്കാരിൻ്റെ കരുത്തെന്നും അദ്ദേഹം പറഞ്ഞു.

## ARATTU-TVPM

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി ഉത്സവത്തിന് സമാപനം കുറിക്കുന്ന ആചാരപരമായ ആറാട്ട് ഇന്ന് നടക്കും. പള്ളി വേട്ട ഇന്നലെ രാത്രി നടന്നു. ശംഖുംമുഖം തീരത്ത് നടക്കുന്ന ആറാട്ടോടുകൂടി ഉത്സവത്തിനു കൊടിയിറങ്ങും.നാളെ രാവിലെ ആറാട്ടുകലശം നടക്കും. ആറാട്ട് പ്രമാണിച്ച് നഗരത്തിലെ സർക്കാർ ഓഫീസുകൾക്ക് ഇന്ന് ഉച്ച തിരഞ്ഞ് മൂന്നിനുശേഷം അവധി പ്രഖ്യാപിച്ചു. വൈകീട്ട് നടക്കുന്ന ആറാട്ട് ഘോഷയാത്ര കടന്നുപോകുന്നതിനായി വിമാനത്താവളം അടച്ചിടും. 4.45 മുതൽ രാത്രി എട്ടുവരെയാണ് വിമാനത്താവളം അടച്ചിടുക.

## ICC W WORLD CUP

ഐസിസി വനിതാ ലോകകപ്പ് സെമിയിൽ ഇന്ന് ഇന്ത്യ ഓസ്ട്രേലിയയെ നേരിടും. വൈകിട്ട് 3 മണിക്ക് മുംബൈയിലാണ് മത്സരം. ഇന്നലെ നടന്ന സെമി പോരാട്ടത്തിൽ ഇംഗ്ലണ്ടിനെ 125 റൺസിന് പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക ഫൈനലിൽ കടന്നു. ദക്ഷിണാഫ്രിക്ക ഉയർത്തിയ 320 റൺ വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ടിന്റ ബാറ്റിംഗ് 42.3 ഓവറിൽ 194 റൺസിന് അവസാനിക്കുകയായിരുന്നു. ഇന്നത്തെ സെമി ജേതാക്കൾ നവംബർ രണ്ടിന് നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.

## GST AGRI

രാജ്യത്തെ പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ കാർഷിക മേഖലയിൽ വലിയ നികുതി ഇളവുകൾക്ക് കാരണമായതായി കേന്ദ്ര സർക്കാർ. 1800 സിസിയിൽ താഴെയുള്ള ട്രാക്ടറുകളുടെ നികുതി 5 ശതമാനമായി കുറച്ചത് ചെറുകിട, ഇടത്തരം കർഷകർക്ക് സഹായകരമായി. വിവിധ കാർഷിക ഉപകരണങ്ങളുടെ നികുതിയും 5 ശതമാനമാക്കി. ഇവ കൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുകയും, ചെലവ് കുറയ്ക്കുകയും, വിള ഉൽപാദനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതായാണ് വിലയിരുത്തൽ.

## PM SHRI

പി.എം ശ്രീ ധാരണാപത്രം ഒപ്പിട്ടതുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകൾ കണക്കിലെടുത്ത് പദ്ധതി നടപ്പാക്കുന്നത് പുനഃപരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായ ഏഴംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. ഈ വിഷയം കേന്ദ്ര സർക്കാരിനെ കത്ത് മുഖേന അറിയിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതേസമയം, സംസ്ഥാനത്തിന് ധാരണാപത്രത്തിൽ നിന്നും ഏകപക്ഷീയമായി പിന്മാറാനാകില്ലെന്നും കേരളത്തിലെ കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുകയാണെന്നും മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ പറഞ്ഞു.